# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 14.02.2026**

## പ്രധാനവാർത്തകൾ

1. അസം ഉൾപ്പെടുന്ന വടക്കുകിഴക്കൻ മേഖല ഇന്ത്യയുടെ അഷ്ടലക്ഷ്മിയാണെന്ന് ഗുവാഹത്തിയിൽ 5,450 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിച്ചു കൊണ്ട് പ്രധാനമന്ത്രി നരേന്ദ്ര മോദി.
2. അവയവദാന രംഗത്ത് കേരളസമൂഹത്തിന് വലിയൊരു മാതൃക സൃഷ്ടിച്ചിരിക്കുകയാണ് ആലിൻ ഷെറിന്റെ മാതാപിതാക്കളെന്നും പത്ത് മാസം പ്രായമുള്ള കുഞ്ഞിനെ നാട് ഔദ്യോഗിക ബഹുമതികളോടെ യാത്രയാക്കുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ.
3. വികസനത്തിന് വേണ്ടത് ആർജവവും ജനങ്ങളോടുള്ള ആത്മാർത്ഥതയുമാണെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി; കൊല്ലത്ത് മൾട്ടി ലെവൽ പാർക്കിംഗ് സൗകര്യം ഉദ്ഘാടനം ചെയ്തു.
4. വനിതകൾക്ക് സമയബന്ധിതമായി നീതി ലഭ്യമാക്കുന്ന വിശ്വസനീയ സംവിധാനമാണ് ഷീ-ബോക്സ് എന്ന് കേന്ദ്ര വനിതാ ശിശു വികസന മന്ത്രി അന്നപൂർണ ദേവി.
5. സംസ്ഥാനത്ത് തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് ഹിയറിംഗ് നടപടികൾ അവസാന ഘട്ടത്തിലേക്ക്.
6. ഐ എസ് എൽ ഉദ്ഘാടന മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സ് മോഹൻ ബഗാനെ നേരിടുന്നു

RNU TVPM

## പ്രധാനമന്ത്രി -അസം

അസം ഉൾപ്പെടുന്ന വടക്കുകിഴക്കൻ മേഖല ഇന്ത്യയുടെ അഷ്ടലക്ഷ്മിയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഗുവാഹത്തിയിൽ ബി ജെ പി സംഘടിപ്പിച്ച ബൂത്ത് വിജയ് സങ്കൽപ്പ് സഭയിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

(ബൈറ്റ്)

വടക്കുകിഴക്കൻ മേഖലയിലെ ആദ്യ എമർജൻസി ലാൻഡിങ് സൗകര്യത്തിൽ സി-130 ജെ വിമാനത്തിൽ പ്രധാനമന്ത്രി പറന്നിറങ്ങി. 40 ടൺ വരെയുള്ള യുദ്ധവിമാനങ്ങളെയും 74 ടൺ ഭാരമുള്ള വലിയ വിമാനങ്ങളെയും വഹിക്കാനുള്ള ശേഷി എമർജൻസി ലാൻഡിങ് സൗകര്യത്തിനുണ്ട്. തുടർന്ന് ഗുവാഹാട്ടിയെയും നോർത്ത് ഗുവാഹാട്ടിയെയും ബന്ധിപ്പിക്കുന്ന ബ്രഹ്മപുത്ര നദിക്ക് കുറുകെയുള്ള പാലം അദ്ദേഹം രാഷ്ട്രത്തിന് സമർപ്പിച്ചു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁

## അശ്വിനി വൈഷ്ണവ്

സ്റ്റാർട്ടപ്പ് ഇന്ത്യ ഫണ്ട് ഓഫ് ഫണ്ട്സ് 2.0 പദ്ധതിയ്ക്ക് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. 10,000 കോടി രൂപയുടെ ഫണ്ട് രൂപീകരിച്ച് ആഭ്യന്തര മൂലധനം സമാഹരിക്കുകയും നവസംരംഭകരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയാണ് ലക്ഷ്യം. നഗരവികസനത്തിനായി ഒരു ലക്ഷം കോടി രൂപയുടെ 'അർബൻ ചലഞ്ച് ഫണ്ട്' തുടങ്ങാനും മന്ത്രിസഭ തീരുമാനിച്ചു. കേന്ദ്രമന്ത്രിസഭായോഗ തീരുമാനങ്ങൾ വിശദീകരിക്കവേ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ആണ് ഇക്കാര്യങ്ങൾ അറിയിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## അവയവദാനം - മുഖ്യമന്ത്രി

കോട്ടയത്തുണ്ടായ വാഹനാപകടത്തിൽ മസ്തിഷ്ക മരണം സംഭവിച്ച പത്തുമാസം പ്രായമുള്ള ആലിൻ ഷെറിൻ എബ്രഹാം എന്ന കുരുന്നിന്റെ വിയോഗം ഏറെ വേദനയുളവാക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. അവയവദാന രംഗത്ത് കേരളസമൂഹത്തിന് മുന്നിൽ വലിയൊരു മാതൃക സൃഷ്ടിച്ചിരിക്കുകയാണ് ആലിൻ ഷെറിന്റെ മാതാപിതാക്കളെന്നും മുഖ്യമന്ത്രി പറഞ്ഞു. അവരുടെയും ഈ നാടിൻറേയും ദുഃഖത്തിൽ പങ്കുചേരുന്നതായി അദ്ദേഹം അറിയിച്ചു. ആലിനെ

നമ്മുടെ നാട് ഔദ്യോഗിക ബഹുമതികളോടെ യാത്രയാക്കു മെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## കൊല്ലം - സുരേഷ് ഗോപി (ഇൻട്രോ)

വികസനത്തിന് വേണ്ടത് ആർജവവും ജനങ്ങളോടുള്ള ആത്മാർത്ഥത യുമാണെന്ന് കേന്ദ്ര സഹമന്ത്രസുരേഷ് ഗോപി. കൊല്ലം റെയിൽവേ സ്റ്റേഷൻ പുനർവികസന പദ്ധതിയുടെ ഭാഗമായി പുതുതായി നിർമ്മിച്ച ബഹു നില കാർ പാർക്കിംഗ് കേന്ദ്രം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 29 കോടി രൂപ ചെലവിൽ നിർമിച്ചു ഏകോപിതമായി നടപ്പിലാക്കിയ പദ്ധതിയാണിതെന്നും ശ്രീ സുരേഷ്ഗോപി പറഞ്ഞു.
(ഹോൾഡ്)
കേരളത്തിലെ റെയിൽവേ അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും മുന്നിൽ കൊല്ലം ജില്ലയാണെന്ന് അദ്ദേഹം പറഞ്ഞു. ജനങ്ങളുടെ നിത്യജീവിതസാഹചര്യം മെച്ചപ്പെടുത്തുന്നതാണ് യഥാർത്ഥ വികസന മെന്നും ഇന്നത്തെക്കും നാളത്തേക്കുമുള്ള വികസനമാണ് കണക്റ്റിവിറ്റി യുടെ കാര്യത്തിലുൾപ്പടെ കേന്ദ്ര ഗവൺമെന്റ് രാജ്യത്ത് നടപ്പാക്കുന്ന തെന്നും കേന്ദ്രമന്ത്രി കൂട്ടിച്ചേർത്തു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁

## സയൻസ് പാർക്ക്

സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച നാല് സയൻസ് പാർക്കുകളിൽ കണ്ണൂരിൽ ആരംഭിക്കുന്ന പാർക്കിന്റെ ശിലാസ്ഥാപനം ചൊവ്വാഴ്ച്ച വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. അഞ്ചരക്കണ്ടി ചെറിയ വളപ്പിൽ 25 ഏക്കറിൽ 275 കോടിയോളം രൂപ ചെലവിലാണ് സയൻസ് പാർക്ക് സ്ഥാപിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## മുഖ്യമന്ത്രി - പോലീസ്

പുതിയ പോലീസ് വാഹനങ്ങളുടെ ഫ്ളാഗ് ഓഫ് മുഖ്യമന്ത്രി പിണറായി വിജയൻ തിങ്കളാഴ്ച തിരുവനന്തപുരം എസ്.എ.പി പരേഡ് ഗ്രൗണ്ടിൽ നടക്കുന്ന ചടങ്ങിൽ നിർവ്വഹിക്കും. സംസ്ഥാന പോലീസ് മേധാവി റവാഡ ചന്ദ്രശേഖർ, ഉന്നത പൊലീസ് ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ഷീ-ബോക്സ് പോർട്ടൽ

തൊഴിലിടങ്ങളിൽ വനിതകളുടെ സുരക്ഷ ഉറപ്പാക്കാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബന്ധമെന്ന് വനിതാ-ശിശു വികസന മന്ത്രി അന്നപൂർണ ദേവി. തൊഴിലിടങ്ങളുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യാൻ വനിതകളെ സഹായിക്കുന്ന ഷീ-ബോക്സ് പോർട്ടൽ സുസജ്ജമാണെന്ന് മന്ത്രി അറിയിച്ചു. തൊഴിലിടങ്ങളിൽ വനിതകളുടെ മാന്യതയും സുരക്ഷയും ഉറപ്പാക്കുന്നതിനോടൊപ്പം, പരാതിനൽകൽ പ്രക്രിയ സുതാര്യവും സുഗമവുമാക്കനും ഇത് സഹായിക്കും. വനിതകൾക്ക് സമയബന്ധിതമായി നീതി ലഭ്യമാക്കുന്ന വിശ്വസനീയ സംവിധാനമാണ് ഷീ-ബോക്സ് എന്നും ശ്രീമതി അന്നപൂർണ ദേവി പറഞ്ഞു.

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

RNU TVPM

## ഡി. പുരന്ദേശ്വരി

കേരളത്തിന് വികസന സാധ്യതകളുള്ള നിരവധി പദ്ധതികൾ കേന്ദ്ര ബജറ്റിൽ ഉണ്ടെന്ന്ബിജെപി നേതാവും ലോകസഭ എംപി യുമായ ഡി. പുരന്ദേശ്വരി. കേരളത്തിലെ റെയിൽവേ വികസനത്തിനായി 3,795 കോടി രൂപയാണ് ഇത്തവണത്തെ കേന്ദ്ര ബജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്നും കോഴിക്കോട് നടന്ന വാർത്ത സമ്മേളനത്തിൽ ശ്രീമതി പുരന്ദേശ്വരി വ്യക്തമാക്കി.

ബൈറ്റ്

നാളികേര ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ പ്രത്യേക നാളികേര പ്രോത്സാഹന പദ്ധതി പ്രഖ്യാപിച്ചു. ബിജെപി സർക്കാരിന് കേരളത്തോട് വിവേചനമില്ലെന്നും ദേശീയപാത

വികസനം നടപ്പാക്കിയത് അതിന്റെ ഉദാഹരണമാണെന്നും എംപി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## പ്രേംകുമാർ

സർക്കാരിനെ വിമർശിച്ച സാഹിത്യകാരൻ കെ. സച്ചിദാനന്ദനെതിരേ നടപടിയെടുക്കാത്തതിലും ചലച്ചിത്ര അക്കാദമി ചുമതലയിൽനിന്ന് തന്നെ മാറ്റിയതിലും പ്രതിഷേധിച്ച് ഫെയ്സ്ബുക്ക് പോസ്റ്റ് പങ്കുവെച്ചതിൽ വിശദീകരണവുമായി നടൻ പ്രേംകുമാർ. തന്നോട് വിവേചനം കാണിച്ചു. തനിക്കില്ലാത്ത എന്തോ അത്ഭുതസിദ്ധി ശ്രീ സച്ചിദാനന്ദനുണ്ടെന്നും പ്രേംകുമാർ തിരുവനന്തപുരത്ത് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## സജി ചെറിയാൻ

സർക്കാർ സംവിധാനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്ന സാംസ്കാരിക പ്രവർത്തകർക്ക് സ്വതന്ത്രമായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ എല്ലാ അവകാശവും ഉണ്ടെന്ന് സാംസ്കാരിക മന്ത്രി സജി ചെറിയാൻ. ചലച്ചിത്ര അക്കാദമി ചെയർമാനായിരുന്ന പ്രേംകുമാർ ഫേസ്ബുക്കിൽ പങ്കുവെച്ച കുറിപ്പിലെ ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. അഭിപ്രായങ്ങൾ പ്രകടിപ്പിച്ചവരെ മാറ്റിനിർത്തുന്ന നയം സർക്കാരിനില്ലെന്നും മന്ത്രി പറഞ്ഞു.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ശിവരാത്രി (ഇൻട്രോ)

ശിവരാത്രിയോടനുബന്ധിച്ച് ഭക്തർ നടത്തുന്ന പ്രശസ്ത ചടങ്ങായ ശിവാലയ ഓട്ടത്തിന് തുടക്കമായി. മാർത്താണ്ഡത്തിന് സമീപം മുഞ്ചിറ തിരുമല ശിവക്ഷേത്രത്തിൽ നിന്ന് ശിവാലയ ഓട്ടം ആരംഭിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്

(വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁❁❁

## കൊച്ചി മെട്രോ

ആലുവ മഹാദേവ ക്ഷേത്രത്തിലെ ശിവരാത്രി മഹോത്സവത്തോടനുബന്ധിച്ച് കൊച്ചി മെട്രോ നാളെയും മറ്റന്നാളും പ്രത്യേക സർവീസ് നടത്തും. ശിവരാത്രി ദിനമായ നാളെ തൃപ്പൂണിത്തുറ ടെർമിനലിൽ നിന്ന് രാത്രി 11:30 വരെ സർവീസുണ്ടാകും. തിങ്കളാഴ്ച ആലുവ മെട്രോ സ്റ്റേഷനിൽ നിന്ന് പുലർച്ചെ 4:00 മണിക്ക് സർവീസ് ആരംഭിക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## തീവ്ര വോട്ടർപ്പട്ടിക

കേരളത്തിൽ തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് ഹിയറിംഗ് ഉൾപ്പെടെയുള്ള നടപടികൾ അവസാന ഘട്ടത്തിലേക്ക്. 122 നിയോജക മണ്ഡലങ്ങളിൽ ഇതിനോടകം ഹിയറിങ്ങ് പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. ഹിയറിങ്ങ് അവശേഷിക്കുന്ന 16 നിയോജകമണ്ഡലങ്ങൾ ഉടനെ തന്നെ നടപടികൾ പൂർത്തീകരിക്കുന്നതിനു ആവശ്യമായ നിർദേശം നൽകിയിട്ടുണ്ട്. ഈ മാസം 21-നാണ് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുക.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ഇന്ത്യൻ സൂപ്പർ ലീഗ്

ഇന്ത്യൻ സൂപ്പർ ലീഗ് പന്ത്രണ്ടാം സീസണ് ഇന്ന് കൊൽക്കത്തയിൽ തുടക്കമാകും. ഉദ്ഘാടന മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സ് നിലവിലെ ചാമ്പ്യൻമാരായ മോഹൻ ബഗാനെ നേരിടും. വൈകിട്ട് അഞ്ചിനാണ് മത്സരം. ഇന്നത്തെ രണ്ടാം മത്സരത്തിൽ എഫ് സി ഗോവ- ഇൻറർ കാശി എഫ് സിയെ നേരിടും. ഗോവയിൽ രാത്രി 7.30 നാണ് മത്സരം.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ടി20 ക്രിക്കറ്റ് ലോകകപ്പ്

ഐസിസി പുരുഷ ടി20 ക്രിക്കറ്റ് ലോകകപ്പിൽ സ്കോട്ട്ലൻഡിനെതിരെ ഇംഗ്ലണ്ടിന് ജയം. ആദ്യം ബാറ്റ് ചെയ്ത സ്കോട്ട്ലൻഡ് 19.4 ഓവറിൽ 152 റൺസിന് പുറത്തായി. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഇംഗ്ലണ്ട്. 5 വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം കണ്ടു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## അപേക്ഷ ക്ഷണിച്ചു

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ എടുക്കുന്നതി നുള്ള അപേക്ഷകൾ ഫെബ്രുവരി 17 വരെ സ്വീകരിക്കും. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.newsonair.gov.in (under Vacancies category) or https://prasarbharati.gov.in/pbvacancies/ എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2026 ഫെബ്രുവരി 17.

## വി.ഡി. സതീശൻ

പമ്പാ തീരത്ത് നടത്തിയ ആഗോള അയ്യപ്പ സംഗമത്തിന്റെ പേരിൽ കോടികളുടെ കൊള്ളയാണ് നടന്നതെന്നും ഇതിൽ സർക്കാരിനും അന്നത്തെ ദേവസ്വം ബോർഡിനും വ്യക്തമായ ഉത്തരവാദിത്വമുണ്ടെന്നും പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ.

RNU TVPM